# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം . 819</u>

<u>11.06.2014 ലെ</u>
<u>മറുപടിയ്ക്ക്.</u>

## <u>പാലക്കാട് ജില്ലയ്ക്ക് സമഗ്ര ജലസേചന മാർഗ്ഗരേഖ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ എല്ലാ വർഷവും ഉണ്ടാകുന്ന കടുത്ത വരൾച്ച പരിഗണിച്ച് ഒരു സമഗ്ര ജലസേചന പദ്ധതിക്ക് മാർഗ്ഗരേഖ തയ്യാറാക്കുമോ ; | (എ) പാലക്കാട് ജില്ലയിലെ കടുത്ത വരൾച്ച പരിഗണിച്ച് ഒരു സമഗ്ര ജലസേചന പദ്ധതിക്ക് മാർഗ്ഗരേഖ തയ്യാറാക്കുന്നത് പരിഗണനയിലില്ല. എന്നാൽ കുളങ്ങളുടെ പുനരുദ്ധാരണം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം, അറ്റകുറ്റപ്പണികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ കുളങ്ങൾ നീർത്തട അടിസ്ഥാനത്തിൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) എല്ലാ വർഷവും ജില്ലയിലെ ഡാമുകളിലുള്ള ജലം ശരിയായ രീതിയിൽ ഉപയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ? | (ബി) "പ്രോജക്ട് അഡൈ്വസറി കമ്മിറ്റി" ആണ് ഡാമുകളിലെ ജലത്തിന്റെ ഉപയോഗം തീരുമാനിക്കുന്നത്. |

സെക്ഷൻ ഓഫീസർ